# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1575**

**01.11.2019 - ൽ മറുപടിയ്ക്ക്**

## മുണ്ടേരി വിത്തുകൃഷി തോട്ടത്തിലുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** ഉരുൾപൊട്ടലിലും പ്രളയത്തിലും മുണ്ടേരി വിത്തുകൃഷി തോട്ടത്തിലുണ്ടായ നാശ നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എത്ര ഹെക്ടർ കൃഷിയോഗ്യമായ ഭൂമി പ്രളയത്തിൽ ഉപയോഗയോഗ്യമല്ലാതാ യിട്ടുണ്ടെന്ന് വ്യക്തമാക്കമോ; | **എ)** ഉണ്ട്. വിളകൾ നശിച്ച ഇനത്തിൽ ഏകദേശം 66.531 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൂടാതെ പമ്പ് സെറ്റുകൾ, ജനറേറ്റർ, സോളാർ ഫെൻസിംഗ്, ഡ്രിപ് ജലസേചന യൂണിറ്റ്, കിണർ, പണിയായുധങ്ങൾ, ട്രാൻസ്ഫോർമറുകൾ, ഷെഡ്ഡുകൾ, വളം തുടങ്ങിയവ നഷ്ടപ്പെട്ടയിനത്തിൽ 299.67 ലക്ഷം രൂപയുടെ ഏകദേശ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിന് പുറമേ മണ്ണ് ഒഴുകിപ്പോയും മണ്ണടിഞ്ഞും, ബ്ലോക്ക് 2,4 എന്നിവിടങ്ങളിലും നഴ്സറി ഫീൽഡിലുമായി 152 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. 61.2 ഹെക്ടർ കൃഷി യോഗ്യമായ സ്ഥലം പ്രളയത്തിൽ മണൽ ഒഴുകി വന്നും മരങ്ങൾ കടപുഴകി വീണും ഉപയോഗയോഗ്യമല്ലാതായിട്ടുണ്ട്. |
| **ബി)** വനം വകുപ്പുമായുള്ള അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര ഹെക്ടർ തോട്ടത്തിന്റെ സർവ്വേരേഖകൾ കൃഷി വകുപ്പിൽ ലഭ്യമാണെന്ന് വെളിപ്പെടുത്താമോ; | **ബി)** അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. 505 ഹെക്ടർ സ്ഥലം കൃഷി വകുപ്പിന് കൈമാറി കിട്ടിയതായി രേഖകളുണ്ട്. എന്നാൽ സർവ്വേ രേഖകൾ കൃഷി വകുപ്പിന്റെ പക്കൽ ഇല്ല. |
| **സി)** മുണ്ടേരി വിത്തുകൃഷി തോട്ടത്തിന് സമീപ മുള്ള ആദിവാസി സെറ്റിൽമെന്റുകളെ പുനരധിവസിപ്പിക്കുന്നതിന് കൃഷിവകു പ്പിന്റെ കൃഷിയോഗ്യമായ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യ ത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | **സി)** ആദിവാസി സെറ്റിൽമെന്റുകളെ പുന:രധിവസി പ്പിക്കുന്നതിന് കൃഷി വകുപ്പിനോട് സ്ഥലം രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ